**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഫാർമസി കോഴ്സ് സർട്ടിഫിക്കറ്റുകളുടെ യോഗ്യതാ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ .എൻ .എ. ഖാദർ** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഫാർമസി കോളേജുകളിൽ പോകാതെയും ക്ലാസുകളിൽ പങ്കെടുക്കാതെയും ഡി.ഫാം, ബി.ഫാം. എന്നീ കോഴ്സുകളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അയൽ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ നിന്ന് നേടിയെടുക്കുന്ന പ്രവണത സംസ്ഥാനത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇപ്രകാരം നേടുന്ന സർട്ടിഫിക്കറ്റുകൾ കേരളത്തിൽ ഉപയോഗപ്പെടുത്തുന്ന അപകടകരമായ പ്രവണത തടയുന്നതിന് നിലവിൽ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണുള്ളത്; വിശദമാക്കുമോ; | (ബി) | ഇപ്രകാരം നേടുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് തടയുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല. അത്തരത്തിൽ പരാതികൾ ലഭിക്കുന്ന പക്ഷം അന്വേഷണം നടത്തുന്നതാണ്. |
| (സി) | ഇപ്രകാരം നേടിയ സർട്ടിഫിക്കറ്റുകൾക്ക് ഫാർമസി കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ; മുമ്പ് അംഗീകാരം നേടിയ സർട്ടിഫിക്കറ്റുകളുടെ യോഗ്യത പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഫാർമസി ആക്ട് 1948 ലെ സെക്ഷൻ 31.32 പ്രകാരം സംസ്ഥാന ഫാർമസി കൗൺസിൽ റൂൾസ് 2012 ൽ പ്രതിപാദിച്ചിട്ടുള്ള ഫോം ജി-2 വിൽ പറഞ്ഞിട്ടുള്ള രേഖകളോടുകൂടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചാണ് ഫാർമസി കൗൺസിൽ ഫാർമസിസ്റ്റായി രജിസ്ട്രേഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ